(സി) കേന്ദ്ര സർക്കാരിൽ നിന്നും എസ്. ജി. ആർ. വൈ. പദ്ധതിയിൻകീഴിൽ അനുവദിച്ച തുക മുഴുവൻ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പേരാമ്പ്ര മണ്ഡലത്തിലെ റോഡുകൾക്ക് അനുവദിച്ച തുകയിൽ ഏതെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) എങ്കിൽ അവ ഏതെന്നും കുറവു വരുത്തിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) പുതുതായി ഏതെങ്കിലും റോഡുകൾ എസ്. ജി. ആർ. വൈ. പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2005-06-ൽ 88,47,976 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 2005-06-ൽ കേന്ദ്ര വിഹിതം പൂർണ്ണമായി ലഭിച്ചിട്ടില്ല. രണ്ടാം ഗഡുവിനുള്ള ചില ജില്ലകളുടെ പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ത്രിതല പഞ്ചായത്തുകളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

16 [685] ശ്രീ. എം. എം. ഹസ്സൻ:

,, വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ആനുകൂല്യം 2005-06-ൽ ഇതുവരെ മൊത്തം എത്രപേർക്ക് കിട്ടി;

(സി) ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് 2005-06-ൽ എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പദ്ധതിയുടെ ഉദ്ഘാടനം 2-2-2006-ലാണ് നടന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടിയായി രജിസ്ട്രേഷൻ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly